പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3415.

09.04.2013 ൽ മറുപടിക്ക്

**കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന് നിയമാനുസൃതമായ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ്:<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>,, കെ. സുരേഷ് കുറുപ്പ്:<br>,, വി. ശിവൻകുട്ടി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഭക്ഷ്യവസ്തുക്കളുടെ കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന് നിയമാനുസൃതമായ അധികാരം ഇപ്പോൾ നിക്ഷിപ്തമായിരിക്കുന്നത് ഏത് വകുപ്പിലാണ്; | (എ) സിവിൽ സപ്ലൈസ് വകുപ്പിന്; |
| (ബി) ആരോഗ്യവകുപ്പിന് കീഴിലുളള ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഇതു സംബന്ധിച്ച് എന്തെങ്കിലും സർക്കുലർ അയച്ചിട്ടുളളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്; 2011 ആഗസ്റ്റ് 5 മുതൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരചട്ടം നിലവിൽ വന്നതോടുകൂടി ഭക്ഷ്യ സാധനങ്ങളുടെ വില്പന സംബന്ധിച്ച് ലൈസൻസും രജിസ്ട്രേഷനും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മാത്രം ചുമതലയായതിനാൽ ആയതു സംബന്ധിച്ച് ഒരു പരിപത്രം ഭക്ഷ്യ സുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിരുന്നു; |
| (സി) മൊത്ത കച്ചവട കേന്ദ്രങ്ങളിൽ സിവിൽ സപ്ലൈസ് വകുപ്പും പോലീസും നടത്തിയ റെയ്ഡുകളുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സുകൾ ഏത് നിയമപ്രകാരമാണ് ; | (സി) 1955 ലെ അവശ്യ സാധന നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നു.; |

| | | | |
|---|---|---|---|
| (ഡി) | കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവെയ്പ്പു കാർക്കും എതിരെ നിയമാനുസൃത മായി തന്നെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ; | (ഡി) | കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് മുതലായവ നടത്തുന്നവർക്കെതിരെ 1955 ലെ അവശ്യ സാധന നിയമപ്രകാരം നടപടി കൾ സ്വീകരിക്കുകയും ഇപ്രകാരം പിടിച്ചെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ പൊതുവിതരണ ശൃംഖലവഴി വിതരണം നടത്തി വിറ്റുവരവ് സംഖ്യ റവന്യു ഡെപ്പോസിറ്റിൽ സൂക്ഷിക്കുകയും കേസ്സുകൾ തീർപ്പാക്കുന്ന സമയത്ത് ജില്ലാ കളക്ടറുടെ അന്തിമ തീരുമാന ത്തിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ഇ) | ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഇക്കാര്യ ത്തിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടതായി ഭക്ഷ്യവകുപ്പി നറിയാമോ; വിശദമാക്കുമോ? | (ഇ) | ഇല്ല; കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് അധികാരമില്ല. |

സെക്ഷൻ ഓഫീസർ